പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.339** — **06.01.2014 ൽ മറുപടിയ്ക്ക്**

## ജോബ്ഫെയറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി.സി. വിഷ്ണുനാഥ്:**<br>**ശ്രീ. ഷാഫി പറമ്പിൽ:**<br>**ശ്രീ. വി.റ്റി. ബൽറാം:**<br>**ശ്രീ. ഹൈബി ഈഡൻ:** | **കുമാരി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ്ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ എന്നീ നാല്പ ജില്ലകളിൽ ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.റ്റി മേഖലയിലെയും മറ്റു വിവിധ മേഖലകളിലെയും കമ്പനികളെ ഉൾപ്പെടുത്തിയാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്. മലയാള മനോരമ, ജി-ടെക് എഡ്യൂക്കേഷൻ സെന്റർ, ബിഗ് ലീപ് എന്നിവരുമായി ചേർന്നാണ് യുവജനക്ഷേമ ബോർഡ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്. |
| സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ ; | (സി) 2011 സെപ്റ്റംബർ 6,7 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജോബ്ഫെയർ M/s ബിഗ് ലീപ് ഈവന്റ് മാനേജ്മെന്റ് മുഖേനയും 2012 മെയ് 12-ാം തീയതി വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെയർ ജി-ടെക് എഡ്യൂക്കേഷൻ സെന്റർ മുഖേനയും 2013 മെയ് 11,12 തീയതികളിൽ എറണാകുളം ജില്ലയിൽ M/s മലയാള മനോരമ മുഖേനയും 2013 മെയ് 31, ജൂൺ 1 എന്നീ തീയതികളിൽ ആലപ്പുഴ ജില്ലയിലെ അരൂർ നിയോജകമണ്ഡലത്തിൽ വച്ച് അരൂർ എം.എൽ.എ ശ്രീ.എ. ആരിഫിന്റെ നേതൃത്വത്തിലും ജോബ്ഫെസ്റ്റുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർ വഴി നേടി യിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ? | ഡി) തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ ലഭ്യമാക്കിയിട്ടുണ്ട്. വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 1666 പേർക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും 780 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 500 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും 225 പേർക്ക് Spot Job Offering Letter നൽകുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 5019 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1008 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ